<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 620</u> <u>10-02-2025 - ൽ മറുപടിയ്ക്ക്</u>

<u>ബാലുശ്ശേരി മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ ഭൂമി മിനി സിവിൽ സ്റ്റേഷനു ലഭ്യമാക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ പറമ്പിൻ മുകളിൽ നിർമ്മിക്കുന്ന ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന് പാർക്കിംഗ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ ഭൂമി റവന്യൂ വകുപ്പിന് വിട്ട് നൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (എ) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥല ലഭ്യതയ്ക്കായുള്ള ബാലുശ്ശേരി എം.എൽ.എ യുടെ അപേക്ഷ വ്യവസായ വകുപ്പിൽ ലഭിച്ചിട്ടുണ്ട്.<br><br>എന്നാൽ ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 29/07/2021 ലെ ഭരണസമിതി തീരുമാനപ്രകാരം ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റിൽ നിലവിൽ ഒഴിവുള്ള സ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്ന രീതിയിൽ വ്യാവസായികാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റുമടങ്ങുന്ന പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് കോഴിക്കോട് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുള്ളതിനാൽ പ്രസ്തുത അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന വിവരം ബഹു. എം.എൽ.എ യെ 23.11.2021 ലെ ബി1/334/2021/ വ്യവ നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ